# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5619 02.07.2019 ലെ മറുപടിയ്ക്ക്

**<u>പട്ടികജാതി പട്ടികവർഗ്ഗക്കാരായ മിശ്രവിവാഹിതർക്ക് ധനസഹായം</u>**

| | **<u>ചോദ്യം</u>**<br><br>**ശ്രീ. സി.ദിവാകരൻ** | | **<u>മറുപടി</u>**<br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് ധനസഹായം അനുവദിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതെല്ലാമെന്നും പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | എ) | മിശ്രവിവാഹം മൂലം ദുരിതമനുഭവിക്കുന്ന ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടികേതര സമുദായത്തിൽപ്പെട്ടതുമായിരിക്കണം) തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 75,000/-രൂപ ധനസഹായം അനുവദിച്ചുവരുന്നു. വിവാഹ ശേഷം 3 വർഷത്തിനകം അപേക്ഷിക്കണം. അപേക്ഷ സമർപ്പിക്കുന്നതിലുണ്ടാകുന്ന ഒരു വർഷം വരെയുള്ള കാലതാമസം മാപ്പാക്കുന്നതിന് പട്ടികജാതി വികസന ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. വരുമാനം, സഹവാസ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. രണ്ടു പേരുടെയും കൂടി പ്രതിവർഷ വരുമാന പരിധി 1,00,000/-രൂപയായിരിക്കണം.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ മിശ്രവിവാഹ ധനസഹായ പദ്ധതി നിലവിലുണ്ട്. മിശ്രവിവാഹം ചെയ്തതുമൂലം ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ജീവനോപാധി പ്രവർത്തനങ്ങൾക്കായി 50,000/-രൂപ ധനസഹായം അനുവദിച്ച് നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | **<u>മിശ്രവിവാഹ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**<br>1. മിശ്രവിവാഹിതരിൽ ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം.<br>2. മിശ്രവിവാഹിതർക്ക് ധനസഹായത്തിനുള്ള വാർഷിക കുടുംബ വരുമാന പരിധി 40,000/- രൂപയാണ്.<br>3. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനു ശേഷവും 3 വർഷത്തിനുള്ളിലും മിശ്രവിവാഹ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>4. മിശ്രവിവാഹ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി 6 മാസം വരെ ന്യായമായ കാരണങ്ങളാൽ ദീർഘിപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.<br>5. അപേക്ഷ സമർപ്പിക്കുന്നതിന് 6 മാസത്തിന് മുകളിൽ ന്യായമായ കാരണങ്ങളാൽ ഉണ്ടാകുന്ന കാലതാമസം മാപ്പാക്കുന്നതിനുള്ള അധികാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കും.<br>**<u>ഹാജരാക്കേണ്ട പ്രമാണങ്ങൾ</u>**<br>• ദമ്പതികളുടെ ജാതി തെളിയിക്കുന്നതിന് തഹസീൽദാരിൽ നിന്നുള്ള സർട്ടിഫിക്കറ്റ്<br>• ദമ്പതികളുടെ വരുമാനം തെളിയിക്കുന്നതിന് തഹസീൽദാർ നൽകിയ സർട്ടിഫിക്കറ്റ്<br>• ദമ്പതികൾ കഴിഞ്ഞ ഒരു വർഷത്തിലധികമായി ഒരുമിച്ച് താമസിക്കുന്നു എന്ന് കാണിച്ച് ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനോ പാർലമെന്റ് മെമ്പറോ, ലെജിസ്ലേറ്റീവ് മെമ്പറോ നൽകുന്നതുമായ സർട്ടിഫിക്കറ്റ് എന്നിവയാണ് മിശ്ര വിവാഹ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ. |

**സെക്ഷൻ ഓഫീസർ**